**A**

**905**

# സമഗ്രശിക്ഷാ, കേരളം
## വാർഷിക മൂല്യനിർണയം 2023 - 24
## സാമൂഹ്യശാസ്ത്രം

**ക്ലാസ് : IX**

**സമയം : $2^1/_2$ മണിക്കൂർ**
**ആകെ സ്കോർ : 80**

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും വായിച്ചു മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം.** **(7 x 2 = 14)**

1. ഇന്ത്യൻ ഭരണഘടനയിലെ 'മതേതരത്വം' എന്ന ആശയം വ്യക്തമാക്കുക.
2. ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

   എ) ഏറ്റവും വിനാശകാരിയായ ഭൂകമ്പതരംഗമേത്?

   ബി) ഭൂകമ്പതരംഗങ്ങൾ രേഖപ്പെടുത്തുന്ന ഉപകരണമേത്?
3. തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂസർവേ രീതികൾ ഏതെല്ലാം?
4. ഉദാരവൽക്കരണ നടപടികളുടെ ഫലമായി ഇന്ത്യയിൽ നടപ്പിലാക്കിയ മാറ്റങ്ങളെന്തെല്ലാം?
5. ഉരുൾപൊട്ടൽ ഉണ്ടാകുന്നതെങ്ങനെ?
6. ഊര്, നാട് എന്നിവ എന്തെന്ന് വ്യക്തമാക്കുക.
7. കൗമാരകുറ്റകൃത്യങ്ങൾ തടയാനുള്ള സംവിധാനങ്ങൾ ഏതെല്ലാം?
8. ഇന്ത്യയിലെ രാഷ്ട്രീയപ്പാർട്ടികൾ നിർവഹിക്കുന്ന ഏതെങ്കിലും രണ്ട് ചുമതലകൾ എഴുതുക.

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(6 x 3 = 18)**

9. ചിത്രം നിരീക്ഷിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




   എ) ചിത്രം ഏതുതരം വേലിയെ സൂചിപ്പിക്കുന്നു?

   ബി) ഈ വേലികൾ ഉണ്ടാകാനുള്ള കാരണമെന്ത്?

exam WINNER ®

10. സൽത്തനത്ത് കാലത്ത് ഇന്ത്യയിൽ കാര്യക്ഷമമായ ഒരു നാണയവ്യവസ്ഥ നിലനിന്നിരുന്നു. പ്രസ്താവന സാധൂകരിക്കുക.

11. മാനവവികസന സൂചിക തയാറാക്കുന്നത് മൂന്ന് പ്രധാന ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. അവ ഏതെല്ലാം?

12. മധ്യകാല ഇന്ത്യയിലെ സാംസ്കാരിക സമന്വയത്തിന് സംഗീതം വഹിച്ച പങ്ക് വിലയിരുത്തുക.

13. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം വ്യക്തിയിലും സമൂഹത്തിലുമുണ്ടാക്കുന്ന ദോഷങ്ങൾ എന്തെല്ലാം?

14. ഒരു രാജ്യത്തിന്റെ ജനസംഖ്യയിൽ മാറ്റമുണ്ടാക്കുന്ന ഘടകങ്ങൾ ഏവ?

15. ശാസ്ത്രീയമായ ഭൂവിനിയോഗ രീതികൾ നിർദേശിക്കുക.

**16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 4 സ്കോർ വീതം. (9 x 4 = 36)**

16. അബ്ബാസിയ ഭരണാധികാരിയായ ഹാറൂൺ - അൽ - റഷീദ് നടപ്പിലാക്കിയ പരിഷ്കാരങ്ങൾ വിശദമാക്കുക.

17. പട്ടിക പൂർത്തിയാക്കുക.

| ഭൂരൂപം | രൂപീകരണ സഹായി | രൂപീകരണ പ്രക്രിയ |
|---|---|---|
| കൂൺശില | എ) ............................ | അപരദനം |
| ബീച്ചുകൾ | തിരമാലകൾ | ബി)................. |
| സിർക്കുകൾ | സി)............................ | അപരദനം |
| ഡെൽറ്റ | ഡി)............................ | നിക്ഷേപണം |

18. മുഗൾഭരണത്തിന്റെ സവിശേഷതകളെക്കുറിച്ച് കുറിപ്പെഴുതുക.

19. സംവഹനവൃഷ്ടി, തീരദേശവൃഷ്ടി എന്നിവ താരതമ്യം ചെയ്യുക.

20. കേവലഭൂരിപക്ഷ വ്യവസ്ഥയനുസരിച്ച് ഇന്ത്യയിൽ തിരഞ്ഞെടുപ്പ് നടത്തുന്നതെങ്ങനെയെന്ന് വിശദമാക്കുക.

21. 'എ' കോളത്തിനനുയോജ്യമായി 'ബി' കോളം ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| നെടിയിരുപ്പ് സ്വരൂപം | കോലത്തുനാട് |
| തൃപ്പാപ്പൂർ സ്വരൂപം | കൊച്ചി |
| കോലസ്വരൂപം | വേണാട് |
| പെരുമ്പടപ്പ് സ്വരൂപം | ഏറനാട് |

22. ഗ്രാമീണ വാസസ്ഥലങ്ങൾ എന്നാലെന്ത്? വിവിധതരം ഗ്രാമീണ വാസസ്ഥല മാതൃകകൾ ഏതെല്ലാം?

23. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ അനുവർത്തിക്കേണ്ട പൊതുനടപടികൾ വിശദമാക്കുക.

24. സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

25. ലോകവ്യാപാര സംഘടനയിലൂടെ (WTO) രൂപപ്പെട്ട സ്വതന്ത്രവ്യാപാരക്കരാറുകളിലെ പ്രധാന നിർദേശങ്ങൾ എന്തെല്ലാം?

**26, 27 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. ഓരോന്നിനും 6 സ്കോർ വീതം.**

**(2 x 6 = 12)**

26. എ) നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ തിരഞ്ഞെടുപ്പ് സമ്പ്രദായം വിശദമാക്കുക.

**സൂചനകൾ :**

* തിരഞ്ഞെടുപ്പ് പ്രക്രിയയിലെ അനഭിലഷണീയ പ്രവണതകൾ
* തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ

**അല്ലെങ്കിൽ**

ബി) മലയാളഭാഷയുടെ വളർച്ചയിൽ മധ്യകാല സാഹിത്യകൃതികൾ വഹിച്ച പങ്ക് വിവരിക്കുക.

27. എ) കുടിയേറ്റം എന്നാലെന്ത്? കുടിയേറ്റത്തിന്റെ ഫലങ്ങൾ വിശദമാക്കുക.

**അല്ലെങ്കിൽ**

ബി) മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെയും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.